അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് അനുവദിക്കുകയാണെങ്കിൽ ഒരു പ്രമേയം അവതരിപ്പിക്കാനുണ്ട്.

മി. സ്പീക്കർ : പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

XIII. ഗവൺമെന്റ് പ്രമേയം

വിദ്യാഭ്യാസ വായ്പാ കടിശ്ശിക

3.24 PM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, വിദ്യാഭ്യാസ ലോൺ റിലയൻസിന് വിറ്റ എസ്.ബി.ടി.-യുടെ നിലപാടിനെക്കുറിച്ചുള്ള സബ്മിഷന് മറുപടി പറഞ്ഞപ്പോൾ ഒരു പ്രമേയം കൊണ്ടുവന്ന് സഭ പാസ്സാക്കണമെന്ന് പറഞ്ഞിരുന്നു. അതനുസരിച്ച് പ്രതിപക്ഷത്തിന്റെകൂടി അഭിപ്രായങ്ങൾ സ്വീകരിച്ച് ഒരു പ്രമേയം തയ്യാറാക്കിയിട്ടുണ്ട്. നമ്മളന്ന് കേട്ടതിനെക്കാൾ സീരിയസ്സായിട്ടുള്ള സംഭവമാണിത്. ഞാൻ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അംഗങ്ങളുമായി സംസാരിച്ചു. അവർ സിറ്റിംഗ് നിർത്തിവച്ചിട്ട് എന്നെ കാണാൻ വേണ്ടിവന്നു. ഇന്ന് സിറ്റിംഗ് നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് മത്സ്യത്തൊഴിലാളികളുടെ കടം എസ്. ബി. ഐ. അസെറ്റ് റീ-കൺസ്ട്രക്ഷൻ കമ്പനി ഇൻഡ്യാ ലിമിറ്റഡ് (എ.ആർ.സി.ഐ.എൽ) എന്ന കമ്പനിക്ക് വിറ്റിരിക്കുകയാണെന്ന വിവരം കിട്ടുന്നത്. ഈ കമ്പനിയുമായി ബന്ധപ്പെട്ട വ്യക്തിയാണ് ഇന്ന് കമ്മീഷന്റെ സിറ്റിംഗ് നടത്തിയപ്പോൾ അവിടെ വന്നത്. ഈയൊരു ടെന്റ് ഒരിക്കലും ശരിയല്ല. അന്നിവിടെ ചർച്ച ചെയ്യുന്ന സമയത്ത് ഈ വിവരം നമുക്കറിയില്ലായിരുന്നു. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. ഏതായാലും എസ്.ബി.ടി.-യുടെ കാര്യത്തിലുള്ള റെസല്യൂഷനാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്ത് ഇതിനെതിരെ ശക്തമായി പ്രതികരിക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

"പൊതുമേഖലാ ബാങ്കായ എസ്.ബി.ടി.-യുടെ വിദ്യാഭ്യാസ വായ്പയുടെ എൻ.പി.എ. കുടിശ്ശിക പിരിച്ചെടുക്കാൻ സ്വകാര്യ സ്ഥാപനമായ റിലയൻസിനെ എസ്.ബി.ടി. ചുമതലപ്പെടുത്തിയിരിക്കുകയാണ്. സ്വതന്ത്ര ഇന്ത്യയിലെ സാമ്പത്തിക മേഖലയിലെ വിപ്ലവകരമായ തീരുമാനമായ ബാങ്ക് ദേശവൽക്കരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ പരാജയപ്പെടുത്താനുള്ള നീക്കമാണിത്. കേരളത്തിലെ സാധാരണക്കാരായ ലക്ഷക്കണക്കിന് കുടുംബങ്ങൾ ഭീതിയോടും ആശങ്കയോടും കൂടി നോക്കിക്കാണുന്ന ഈ തീരുമാനം പിൻവലിക്കാൻ എസ്.ബി.ടി. മാനേജ്മെന്റിനോട് നിർദ്ദേശം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് സഭ ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു."

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ജൂലൈ 27 - ാം തീയതി ശ്രീ. പി. സി. വിഷ്ണുനാഥ് ഒരു സബ്മിഷനിലൂടെ ഈ പ്രശ്നം സഭയിൽ കൊണ്ടുവന്നിരുന്നു. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ചൊരു പ്രമേയം കൊണ്ടുവരുമെന്ന് അന്ന് സഭയ്ക്ക് ഉറപ്പുനൽകിയതാണ്. അതനുസരിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രമേയം അവതരിപ്പിച്ചത്.

പ്രമേയത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

റൂളിംഗ്

സർവ്വകലാശാലയ്ക്ക് പേര് നൽകൽ

3.26 PM]

മി. സ്പീക്കർ : 2015 - ലെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീമതി ജമീലാ പ്രകാശം ഒരു ക്രമപ്രശ്നം നൽകിയിട്ടുണ്ട്. അവിടത്തെ പ്രോ-വൈസ് ചാൻസലർ നൽകിയ ഒരു പ്രസ്താവന സംബന്ധിച്ചാണ് ക്രമപ്രശ്നം. ആ പ്രസ്താവനയിൽ മുൻ രാഷ്ട്രപതിയുടെ പേര് ആ സർവ്വകലാശാലക്ക് നൽകുമെന്ന് പ്രോ-വൈസ് ചാൻസലർ പരസ്യപ്രസ്താവന നടത്തി എന്നുള്ളതാണ് ക്രമപ്രശ്നത്തിലൂടെ വന്നിരിക്കുന്നത്. നിയമസഭയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് ഒരിക്കലും അത്തരത്തിൽ പ്രോ-വൈസ് ചാൻസലർ ഒരു പരസ്യപ്രസ്താവന നടത്താൻ പാടില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly